ഫാദർ ജോസഫ് മെമ്മോറിയൽ
ഹയർ സെക്കൻഡറി സ്കൂൾ

പുതുപ്പാടി



# റാന്തൽ


2022-2025
BATCH

# ആമുഖം

മാറുന്ന ലോകത്ത് ജനതയ്ക്ക് മാറ്റം വരേണ്ടതാണ്.മലയാള ലോകത്തെ കൂടുതൽ അറിയുവാൻ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിലെ അംഗങ്ങൾ ഈ മാഗസിനിലൂടെ ശ്രമിക്കുന്നു.വായനയുടെ ലോകത്തെ കൂടുതൽ അറിയുവാൻ ആഗ്രഹിക്കുന്നവർക്കായി ഈ മാഗസിൻ സമർപ്പിക്കുന്നു.

# താളുകളിൽ

- കഥകൾ
- കവിതകൾ
- മഹത്‌വചനങ്ങൾ
- ഭാഷാപ്രതിജ്ഞ
- കടംകഥ
- ചോദ്യോത്തരങ്ങൾ



# ജാതക കഥകൾ

തുടർച്ചയായി സേനകൻമന്ത്രി ബാലനായ ബോധിസത്വന്റെ മുന്നിൽ തോറ്റുകൊണ്ടിരുന്നു. ആ ബാലനെ ബുദ്ധിയിൽ തോൽപ്പിക്കാൻ പറ്റില്ലെന്ന് അയാൾക്ക് അറിയാമായിരുന്നു.
അതിനാൽ, സംഭവിക്കാൻ ഒട്ടും സാധ്യതയില്ലാത്ത കാര്യങ്ങൾ ചെയ്യാൻ പറഞ്ഞാൽ ചിലപ്പോൾ ബാലൻ തോൽവി സമ്മതിക്കുമെന്ന് മന്ത്രി കണക്കുകൂട്ടി.

അയാളുടെ പുതിയ നിർദ്ദേശം ഇതായിരുന്നു - "കാട്ടിലെ അഞ്ചു തരം ആമ്പലുകൾ ഉള്ള ആമ്പൽക്കുളത്തിൽ കുളിക്കാൻ രാജാവ് ആഗ്രഹിക്കുന്നു. ഉടൻ, ആമ്പൽക്കുളത്തെ കൊട്ടാര ഉദ്യാനത്തിൽ എത്തിക്കണം"

ഈ സന്ദേശം വായിച്ച ബോധിസത്വന് അസാദ്ധ്യ കാര്യമെന്ന് മനസ്സിലായി. അവൻ നാലുപേരെ വിളിച്ചിട്ട് കുറെ നിർദ്ദേശങ്ങൾ കൊടുത്തു.

അവർ നാലു പേരുടെ കയ്യിൽ കയറുണ്ടായിരുന്നു. അവരെല്ലാം ആമ്പൽക്കുളത്തിലെ ചെളിയിൽ പുളച്ചു. കുറെ ആമ്പൽ വള്ളികൾ ദേഹത്ത് ചുറ്റി. എന്നിട്ട്, ചെളി പുരണ്ട് കൊട്ടാര വാതിൽക്കൽ ബഹളം ഉണ്ടാക്കി.

രാജാവ് കാര്യം എന്തെന്ന് അവരോടു ചോദിച്ചു. അവർ മറുപടിയായി പറഞ്ഞു - "മന്ത്രി പറഞ്ഞതിൻ പ്രകാരം ഞങ്ങൾ ആമ്പൽക്കുളത്തെ പിടിച്ചു കെട്ടി കൊണ്ടുവരുന്ന വഴിക്ക് അവൻ ചാടിപ്പോയി"


രാജാവ് കണ്ണുമിഴിച്ചു - "നിങ്ങൾ എന്തു ഭ്രാന്താണ് ഈ പറയുന്നത് ?"

"രാജാവേ, ഇവിടെ നേരത്തേ ഇങ്ങനെ കൊണ്ടുവന്ന ആമ്പൽകുളത്തെ അവനെ മെരുക്കാനായി ഞങ്ങളുടെ കൂടെ അയയ്ക്കണം"


രാജാവ് ചിരിച്ചു. മന്ത്രിയുടെ കുബുദ്ധിയിൽ വിരിഞ്ഞ ആമ്പൽക്കുളമാണ് ഇതെന്ന് അദ്ദേഹത്തിനു മനസ്സിലായി.

# കുട്ടികൾ വായിച്ചിരിക്കേണ്ട പുസ്തകങ്ങൾ

- ഒരച്ഛൻ മകൾക്കയച്ച കത്തുകൾ – ജവഹർലാൽ നെഹ്റു ടോട്ടോച്ചാൻ - തെത്സുകോ കുറോയാനഗി
- ആൻഫ്രാങ്കിന്റെ ഡയറിക്കുറിപ്പുകൾ – ആൻഫ്രാങ്ക്
- ഉണ്ണിക്കുട്ടന്റെ ലോകം - നന്തനാർ
- ചാർലി ചാപ്ലിൻ -
- ഞാനാണ് മലാല – മലാല യൂസഫ് സായി
- എന്റെ ജീവിതകഥ – സച്ചിൻ ടെണ്ടുൽക്കർ
- മനസ്സറിയും യന്ത്രം -പി. നരേന്ദ്രനാഥ്



# കുഞ്ഞുണ്ണി കവിതകൾ



കുഞ്ഞുണ്ണിക്കൊരു മോഹം
എന്നും കുഞ്ഞായിട്ടു രമിക്കാൻ
കുഞ്ഞുങ്ങൾക്കു രസിച്ചീടുന്നൊരു
കവിയായിട്ടു മരിക്കാൻ

സത്യമേ ചൊല്ലാവൂ
ധർമ്മമേ ചെയ്യാവൂ
നല്ലതേ നൽകാവൂ
വേണ്ടതേ വാങ്ങാവൂ

ഒരു വളപ്പൊട്ടുണ്ടെൻ കയ്യിൽ
ഒരു മയിൽപ്പീലിയുണ്ടെന്നുള്ളിൽ
വിരസ നിമിഷങ്ങൾ സരസമാക്കു
വാനിവ ധാരാളമാണെനിക്കെന്നും.

ഞാനെന്റെ മീശ ചുമന്നതിന്റെ
കൂലിചോദിക്കാൻ
ഞാനെന്നോടു ചെന്നപ്പോൾ
ഞാനെന്നെ തല്ലുവാൻ വന്നു.

പൂച്ച നല്ല പൂച്ച
വൃത്തിയുള്ള പൂച്ച
പാലു വച്ച പാത്രം
വൃത്തിയാക്കി വച്ചു.
എത്രമേലകലാം
ഇനിയടുക്കാനിടമില്ലെന്നതുവരെ
എത്രമേലടുക്കാം
ഇനിയകലാനിടമില്ലെന്നതുവരെ
മഴ മേലോട്ട് പെയ്താലേ
വിണ്ണു മണ്ണുള്ളതായ് വരൂ
മണ്ണുള്ള ദിക്കിലുള്ളോർക്കേ
കണ്ണു കീഴോട്ടു കണ്ടിടൂ

അമ്പത്താറക്ഷരമല്ല
അമ്പത്തൊന്നക്ഷരവുമല്ലെന്റെ മലയാളം
മലയാളമെന്ന നാലക്ഷരവുമല്ല
അമ്മ എന്ന ഒരൊറ്റക്ഷരമാണ്
മണ്ണ് എന്ന ഒരൊറ്റക്ഷരമാണെന്റെ മലയാളം

# അതേ പ്രാർത്ഥന



വസന്തത്തോടർത്ഥിച്ചതു വെറുതെയായില്ല,തേന്മ -

വടിമുടി പൂങ്കുലകളണിഞ്ഞു നിന്നു.

ഒരു പൂവും കൊഴിയാതെയുണ്ണികൾ വിരിഞ്ഞു ,പിന്നീ

ടൊരുണ്ണിയും പിഴയ്ക്കാതെ വളർന്നു വന്നു.

സമൃദ്ധി മുറ്റിടുംതോറും കുനിയുകെന്നറിവുറ്റാ -

രനധ്യായം പഠിപ്പിച്ചതിനെച്ചൂണ്ടി.

വേനൽ ചുഴന്നുതീയൂതിയതിൻ  നിക്ഷേപമോരോന്നും

മാണിക്യരത്നങ്ങളാകാൻ മുതിർന്നേയുള്ളൂ

ആയിരമണ്ണാറക്കണ്ണന്മാർ പാഞ്ഞുകേറീ കൊമ്പുകളി -

ലായിരം കാക്കകളതിൽ  പറന്നു വീണു.

ആയിരം കൊച്ചടികളത്തണൽ  വിരിയിൽപ്പതിഞ്ഞു

മായികനഗരം പോലത്തോപ്പു ചമഞ്ഞു.

അയൽപ്പാതവക്കത്തന്നു വഴിപ്പണിക്കുടച്ചിട്ടോ -

രുരുളൻകല്ലുകൾക്കൊക്കെച്ചിറകും വന്നു

എല്ലാമെല്ലാം കഴിഞ്ഞപ്പോളമ്മാമരം  കലുഷമാം

സ്വർലോകത്തിൻ നടയിങ്കൽക്കരഞ്ഞു നിന്നു

പിന്നത്തെ വസന്തത്തോടുമർത്ഥിക്കയായ്, "ഭഗവാനേ

തന്നരുൾകെനിക്കു വീണ്ടും സഫലജന്മം."

വേറെന്തുള്ളു വരമെങ്കൽ, ദേവനാക്രോശിച്ചു, "സാധോ

വേദനയ്ക്കു  വേണ്ടിത്താനോ ചോദിപ്പു വീണ്ടും!"

പരിസ്ഫുരൽപ്രഭാതാംശു പതിയും പല്ലവം മെല്ലെ -

ച്ചലിക്കുമാറമാകന്ദം മൊഴിഞ്ഞിതേവം;

"സമൃദ്ധിതൻ കണ്ണീരെത്ര പുളിച്ചാലും വരം; അയ്യോ ,

ദരിദ്രന്റെ മരവിപ്പാണസ്സഹനീയം!"

-ഇടശ്ശേരി ഗോവിന്ദൻ നായർ

# തേന്മൂറും മലയാളം

അമ്പത്താക്ഷരമല്ല


അമ്പത്തൊന്നക്ഷരവുമല്ലെന്റെ മലയാളം

മലയാളമെന്ന നാലക്ഷരമല്ല

അമ്മ എന്ന ഒരൊറ്റക്ഷരമാണ്


മണ്ണ് എന്ന ഒരൊറ്റക്ഷരമാണെന്റെ

മലയാളം.



കുഞ്ഞുണ്ണി മാഷ്.

# മഹത്‌വചനങ്ങൾ



- എന്റെ ജീവിതമാണ് എന്റെ സന്ദേശം

  *- മഹാത്മാ ഗാന്ധി*

- സത്യം കൊണ്ട് മനസ്സും, സ്നേഹം കൊണ്ട് ഹൃദയവും സേവനം കൊണ്ട് ജീവിതവും സമ്പന്നമാക്കുക


  *- ശ്രീബുദ്ധൻ*

- ഉറക്കത്തിൽ കാണുന്നതല്ല സ്വപ്നം, നമ്മുടെ ഉറക്കം നഷ്ടപ്പെടുത്തുന്നതാണ് യഥാർത്ഥ സ്വപ്നം

  *- A P J അബ്ദുൽ കലാം*

- നമുക്കെല്ലാവർക്കും വലിയ കാര്യങ്ങൾ ചെയ്യാൻ കഴിയില്ല, പക്ഷേ ചെറിയ കാര്യങ്ങൾ വലിയ സ്നേഹത്തോടെ ചെയ്യാൻ കഴിയും

  *- മദർ തെരേസ*



- ചെന്നെത്തുന്നത് എവിടെയുമാകട്ടെ സത്യത്തെ തന്നെ പിന്തുടരുക ഭീരുത്വവും കാപട്യവും ദൂരെ കളയുക

  *- സ്വാമി വിവേകാനന്ദൻ*

- പരാജയമെന്നത് നിങ്ങൾക്ക് കൂടുതൽ കരുതോടെ തിരിച്ചുവരാനുള്ള അവസരമാണ്.

  *- ഹെൻറി ഫോഡ്*

- സത്യത്തെ സ്നേഹിക്കുക, തെറ്റിനെ പൊറുക്കുകയും ചെയ്യുക

  *- വോൾട്ടയർ*

# <u>എന്റെ കേരളം</u>

പാട്ടും പുഴകളും തോട്ടും-  മോടി
കൂട്ടും മലരണിക്കാട്ടും

നീളെ കളംകളം പാട്ടും -  കാട്ടു -
ചോലയുമാമണിമേട്ടും


വെള്ളിയരഞ്ഞാണരപോലേ -  ചുറ്റും
തുള്ളിക്കളിക്കും കടലും

കായലും നീലമലയും -  നീളെ
കോരിത്തരിക്കും വയലും

പീലിനിവർത്തിനിന്നാട്ടും -  കൊച്ചു
കേരമരതകത്തോപ്പും

നീളെ കുളിരൊളി തിങ്ങീ -  എന്റെ
കേരളമെന്തൊരു ഭംഗീ!

- ഗോപാലകൃഷ്ണൻ കോലാഴി



# ഭാഷാപ്രതിജ്ഞ

എന്റെ ഭാഷ എന്റെ വീടാണ്. എന്റെ ആകാശമാണ് ഞാൻ കാണുന്ന നക്ഷത്രമാണ്. എന്നെ തഴുകുന്ന കാറ്റാണ്. എന്റെ ദാഹം ശമിപ്പിക്കുന്ന കുളിർവെള്ളമാണ്. എന്റെ അമ്മയുടെ തലോടലും ശാസനയുമാണ്. എന്റെ ഭാഷ ഞാൻ തന്നെയാണ്.

ഏത് നാട്ടിലെത്തിയാലും ഞാൻ സ്വപ്നം കാണുന്നത് എന്റെ ഭാഷയിലാണ്. എന്റെ ഭാശ ഞാൻ തന്നെയാണ്..

# ഇടശ്ശേരി ഗോവിന്ദൻ നായർ


ഇടശ്ശേരി ഗോവിന്ദൻ നായർ പൊന്നാനിക്കടുത്തുള്ള കുറ്റിപ്പുറത്ത് 1906 ഡിസംബർ 23 ന് പി .കൃഷ്ണക്കുറുപ്പിന്റെയും ഇടശ്ശേരിക്കളത്തിൽ കുഞ്ഞിക്കുട്ടിയമ്മയുടെയും മകനായി ജനിച്ചു. സാമാന്യ വിദ്യാഭ്യാസത്തിനു ശേഷം ആലപ്പുഴ, പൊന്നാനി, കോഴിക്കോട് എന്നിവിടങ്ങളിൽ ജോലി ചെയ്തു. 1938 ൽ ഇടക്കണ്ടി ജാനകിയമ്മയെ വിവാഹം ചെയ്തു. കേരള സാഹിത്യ അക്കാദമിയുടെയും സംഗീത നാടക അക്കാദമിയുടെയും ഭരണ സമിതി അംഗമായിരുന്നു. 1974 ഒക്ടോബർ 16-നു സ്വവസതിയിൽ വച്ച് മരിച്ചു. കഥാകൃത്ത് ഇ. ഹരികുമാർ മകനാണ്.

19 പുസ്തകങ്ങളും 10 സമാഹാരങ്ങളിലായി 300-ലധികം കവിതകളും 6 നാടകപുസ്തകങ്ങളും ലേഖനങ്ങളുടെ ഒരു ശേഖരവും ഇടശ്ശേരിയുടെ കൃതികളിൽ ഉൾപ്പെടുന്നു. മലയാള കവിതയിലെ കാല്പനികതയെ റിയലിസത്തിലേക്ക് മാറ്റിയ കവികളുടെ കൂട്ടത്തിലായിരുന്നു അദ്ദേഹം. പൂതപ്പാട്ട്, പണിമുടക്കം, കല്യാണപ്പുടവ, കറുത്ത ചെട്ടിച്ചികൾ, കാവിലെ പാട്ട് തുടങ്ങിയ കവിതകളിലെ ആഖ്യാനശൈലി ശക്തമായ മാനവികതയെ പ്രതിഫലിപ്പിക്കുന്നവയാണ്.

കവിതകൾ

- അളകാവലി(1940)
- പുത്തൻ കലവും അരിവാളും (1951)
- പൂതപ്പാട്ട്
- കുറ്റിപ്പുറം പാലം

| ഇടശ്ശേരി ഗോവിന്ദൻ നായർ | |
|---|---|
| ജനനം | 1906 ഡിസംബർ 23 |
| മരണം | 1974 ഒക്ടോബർ 16 |
| ദേശീയത | ഭാരതീയൻ |
| മറ്റ് പേരുകൾ | ശക്തിയുടെ കവി |
| അറിയപ്പെടുന്നത് | കവിയുംനാടകകൃത്തും |



# <u>പഴഞ്ചൊല്ലുകളും അവയുടെ അർത്ഥങ്ങളും</u>

1. *വീട്ടിലുണ്ടെങ്കിൽ വിരുന്നു ചോറുണ്ണാം*

   ഉള്ളവനെ എവിടെയും സ്ഥാനമുള്ളൂ.

2. *സദ്യ മറന്നാലും പട്ടിണി മറക്കില്ല*

   വിശപ്പാണ് ഏറ്റവും വലിയ ദുഃഖം. കാടിയായാലും മൂടിക്കുടിക്കണം സ്വന്തം ഇല്ലായ്മ അന്യരെ അറിയിക്കരുത്.

3. *അഴകുള്ള ചക്കയിൽ ചുളയില്ല*

   പുറമേ ഉള്ള ഭംഗി മാത്രം,അന്തസാരമില്ല

4. *ആറ്റിൽ കളഞ്ഞാലും അളന്നു കളയണം*

   എന്തു ചെലവാക്കിയാലും അതിന് കണക്കുവേണം

5. *തന്റെ നിഴൽ തന്നോടെ വരും*

   താൻ ചെയ്തതിന്റെ ഫലം താൻ തന്നെ അനുഭവിക്കും

6. *തന്നിഷ്ടം പൊന്നിഷ്ടം, ആരാന്റിഷ്ടം വിമ്മിഷ്ടം*

   തന്റെ ഇഷ്ടം നടത്തുകയും അന്യരുടേത് നടത്താൻ വിസമ്മതിക്കുകയും ചെയ്യുന്ന പ്രകൃതം.

7. *ആനയ്ക്ക് തടിഭാരം ഉറുമ്പിന് അരിഭാരം*

   ഓരോരുത്തർക്കും അവരവരുടെ പ്രശ്നം

# ഇന്ത്യ- ചില ചോദ്യങ്ങളും, ഉത്തരങ്ങളും

ചോദ്യം

1. ഇന്ത്യയുടെ അദ്യ ബഹിരാകാശ സഞ്ചാരി ആര് ?
2. ഇന്ത്യൻ എയർഫോഴ്സ് എപ്പോൾ സ്ഥാപിതമായി ?
3. ഇന്ത്യയിൽ ആദ്യമായി അച്ചടിശാല സ്ഥാപിച്ചതാര് ?
4. ഇന്ത്യയിൽ ഏറ്റവും കൂടുതൽ ആളുകൾ സംസാരിക്കുന്ന ഭാഷ ?

ഉത്തരം

1. രാകേഷ് ശർമ്മ
2. 1933
3. ജയിംസ് ഹിക്കി
4. ഹിന്ദി



# എഴുത്തച്ഛൻ കവിതകളിലെ തത്ത്വചിന്ത

മലയാളഭാഷയുടെ പിതാവ് എന്നറിയപ്പെടുന്ന കവിയാണ് തുഞ്ചത്ത് രാമാനുജനെഴുത്തച്ഛൻ. കിളിപ്പാട്ടു പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ്. ഇതിനെല്ലാറ്റിനുപരി ഒരു സാമൂഹ്യപരിഷ്കർത്താവു കൂടിയായിരുന്നു അദ്ദേഹം. ജനങ്ങളിൽ മൂല്യബോധമാകെ തകർന്നിരുന്ന ആ കാലത്ത് അവരെ ആധ്യാത്മിക ചിന്തയിലേക്കും ഭക്തിമാർഗത്തി -

ലേക്കും ആനയിക്കുകയാണ് ഏകവിമോചനമാർഗം എന്നദ്ദേഹം  വിശ്വസിച്ചു. അതിന് വേണ്ടി രചിച്ച രാമായണകഥ ആ ലക്ഷ്യം കൈവരിക്കുക തന്നെ ചെയ്തു. അങ്ങനെ സാംസ്കാരികമായ ഉണർവുണ്ടാക്കികൊണ്ട് സാമൂഹ്യനവോത്ഥാനം നിർവ്വഹിച്ച ഒരെഴുത്തുകാരനായി അദ്ദേഹം മാറി.

അദ്ധ്യാത്മരാമായണം കിളിപ്പാട്ടിൽ തത്ത്വചിന്തകളും ഹിതോപദേശങ്ങളും ധാരാളമുണ്ട്. ഈ ലോകത്തിലെ സുഖസൗഭാഗ്യങ്ങളെല്ലാം നിമിഷ മാത്രമാണ്. അത് മിന്നൽപ്പിണർപ്പോലെ മിന്നിമറയും. മനുഷ്യജീവിതം അതായത് ഇഹലോകവാസം പോലും ക്ഷണഭംഗുരമാണ് - ഈ വേദാന്തതത്ത്വം അധ്യാത്മരാമായണം കിളിപ്പാട്ടി - ലെ ലക്ഷ്മണോപദേശത്തിൽ ഇങ്ങനെ നിർബന്ധിച്ചിരിക്കുന്നു.

എഴുത്തച്ഛൻ കവിതകളിലെ തത്ത്വചിന്ത  ഭോഗങ്ങളെല്ലാം ക്ഷണപ്രഭാചഞ്ചലം

വേഗേന നഷ്ടമായുസ്സുമോർക്കനീ

വഹ്നിസന്തപ്തലോഹസ്ഥാംബുബിന്ദുനാ


സന്നിഭം മർത്ത്യജന്മം ക്ഷണഭംഗുരം

മഹാഭാരതം കിളിപ്പാട്ടിലും തത്ത്വചിന്തയുടെ സമൃദ്ധി കാണാം. ലളിതമായ സദോപ - ദേശങ്ങളും ഭാരതം കിളിപ്പാട്ടിലുണ്ട്.

കോപമാകുന്നതു വിത്തെന്നറിയേണം

പാപമാകുന്ന മാമരത്തിന്നെടോ

എഴുത്തച്ഛന്റെ തത്ത്വചിന്ത അതിന്റെ പരമാവധി ശോഭയിൽ തെളിയുന്നത് ഹരിനാമ - കീർത്തനം എന്ന കൃതിയിലാണ്. പരബ്രഹ്മത്തിന് നിർഗുണം സഗുണം എന്നിങ്ങനെ രണ്ട് രൂപങ്ങളുണ്ടെന്ന തത്ത്വം ഹരിനാമകീർത്തനത്തിലും അധ്യാത്മരാമായണത്തി - ലും വ്യക്തമാവുന്നു. ആത്മജ്ഞാനമുണ്ടായാൽ മാത്രമേ മായയുടെ ബന്ധനത്തിൽ നി- ന്നും മോചചനമുണ്ടാകൂ എന്ന തത്ത്വവും അദ്ദേഹം വ്യക്തമാക്കുന്നു. മായാബന്ധന- മോചനമാണ് മോക്ഷം എന്നും അതിനു ഭക്തി,ജ്ഞാനം എന്നീ മാർഗങ്ങളുണ്ടെന്നും അദ്ദേഹം വിശദമാക്കുന്നു. അങ്ങനെ അദ്ദേഹം ഒരു കവിയെന്നതിലുപരി മലയാളിയുടെ മാർഗദർശിയും ആത്മീയഗുരുവുമായി തീർന്നു.



# കുരങ്ങച്ചന്റെ വയലിൻ

സ്വന്തം കാട്ട മടുത്തതുകൊണ്ടല്ല കുരങ്ങച്ചൻ അടുത്ത കാട്ടിലേയ്ക്ക യാത്രയായത്; ആഹാരത്തിനുള്ള വകയൊക്കെ കുറഞ്ഞു വരുകയാണെന്ന ബോദ്ധ്യം കൊണ്ടാണ്.

മഹാ ഭാഗ്യവാനായിരുന്നു അവൻ. അതുകൊണ്ടാണല്ലോ വൃദ്ധനും നല്ലവനുമായ ഉറാങ്ങ് ഉട്ടാന്റെ അടുത്തുതന്നെ അവൻ ചെന്നുപെട്ടത്. അവന്റെ കാര്യങ്ങളൊക്കെ ചോദിച്ചറിഞ്ഞ ഉറാങ്ങ് ഉട്ടാൻ തന്നോടൊപ്പം താമസിക്കാൻ അവനെ അനുവദിച്ചു.

"അമ്മാവാ, അങ്ങേയ്ക്കുള്ള ആഹാരവും കൂടി ഞാനെത്തിച്ചോളാം." കുരങ്ങച്ചൻ അങ്ങനെ പറഞ്ഞപ്പോൾ ഉറാങ്ങ് ഉട്ടാനുണ്ടായ സന്തോഷം കുറച്ചൊന്നുമായിരുന്നില്ല.

ദിവസങ്ങൾക്കുള്ളിൽത്തന്നെ ഉരുവരും വളരെയേറെ അടുത്തു. അസ്ത്രവിദ്യയിലും വയലിൻ വായനയിലും അതിനിപുണനായ അമ്മാവൻ ആ വിദ്യ രണ്ടും കുരങ്ങച്ചനെ പഠിപ്പിച്ചു.

വർഷം രണ്ട കടന്നുപോയത് അറിഞ്ഞില്ല. ഒരു ദിവസം കുരങ്ങൻ പറഞ്ഞു.

"അമ്മാവാ, ഒന്നു നാട്ടിൽ പോകണമെന്നൊരു മോഹം. എന്റെ ആൾക്കാരൊക്കെ അവിടെയാണല്ലോ, അമ്മാവൻ അനുവദിച്ചാൽ"

"മോനേ, അങ്ങനെയൊരാശ തടയാൻ ഈ അമ്മാവനു പറ്റുമോ; പോയി വരൂ."

രണ്ടു കൈയും തലയിൽ വച്ച് അവനെ അനുഗ്രഹിച്ചുകൊണ്ടു തന്റെ അമ്പും വില്ലും അവനു കൊടുത്തിട്ട് പറഞ്ഞു.

"നിനക്കിവ തുണയായിരിക്കും. മാന്ത്രിക സ്പർശമുള്ളതാണ് രണ്ടും. സുരക്ഷിതമായി മടങ്ങി വരിക."

സ്വന്തം കാട്ടിലെത്തിയ കുരങ്ങച്ചൻ ആദ്യം കണ്ടുമുട്ടിയത് ചെന്നായയെ ആയിരുന്നു. അവർ പരസ്പരം വിശേഷങ്ങളൊക്കെ കൈമാറി. ഒടുവിൽ ചെന്നായ പറഞ്ഞു.

"എന്റെ പൊന്നു സ്നേഹിതാ, വിശന്നിട്ടുവയ്യ. രാവിലെ മുതൽ ഒരു കാട്ടുമാനിന്റെ പിന്നാലെ കൂടിയതാ. എന്നെ വെട്ടിച്ച് അവൻ ഓടിക്കളയും. ഇവിടെ എവിടെയോ അവനുണ്ട്. തളർന്നെടോ."

"ഓ... ഇതാണോ കാര്യം. അതിലെന്തിത്ര വിഷമിക്കാനു. ദാ ഇതുകണ്ടോ. ഇവനെ ഒന്നു പ്രയോഗിച്ചാൽ എത്ര ദൂരെയുള്ള മാനും ധിം. അവനെ ഒന്നു കാണിച്ചു തന്നാൽ മതി." തന്റെ മുതുകിൽ കെട്ടിത്തൂക്കിയിരുന്ന അമ്പും വില്ലും കാണിച്ചുകൊണ്ട് കുരങ്ങച്ചൻ വെളിപ്പെടുത്തി.

അമ്പും വില്ലും തയ്യാറാക്കി അവൻ ഒരുങ്ങി നിന്നു. ഏറെ നേരം കഴിഞ്ഞില്ല, ചെന്നായ സന്തോഷത്തോടെ പറഞ്ഞു.

"ദാ നോക്ക് അവിടെ"

കുരങ്ങൻ വില്ലു കുലച്ചു. മാൻ പിടഞ്ഞുവീണു ചത്തു. കുശാലായ ഭക്ഷണം.

കുരങ്ങനോടു ഒരു നന്ദിവാക്കു പോലും ചെന്നായ പറഞ്ഞില്ല. പകരം അമ്പും വില്ലും തനിക്കു നല്കണമെന്ന് ശഠിക്കുകയാണ് ചെയ്തത്.

“പറ്റില്ല. ഇതു ഞാൻ തരില്ല.” കുരങ്ങൻ തീർത്തു പറഞ്ഞു.

അവരുടെ ആ വാഗ്വാദത്തിനിടയിലാണ് കുറുനരി അവിടെയെത്തിയത്. ചെന്നായ കുറുനരിയോടു പറഞ്ഞു.

“ചേട്ടാ എന്റെ അമ്പും വില്ലും ഇവൻ മോഷ്ടിച്ചു.”

കുറുനരി ഇരുവരുടെയും വാദപ്രതിവാദങ്ങൾ കേട്ടു. ഒടുവിൽ പറഞ്ഞു.

“ഒരു തീരുമാനത്തിലെത്താൻ എനിക്കു കഴിയുന്നില്ല. കാട്ടുകോടതിക്കു മുന്നിൽ നമുക്കു പ്രശ്നം അവതരിപ്പിക്കാം.”

കോടതി കൂടുന്നതുവരെ തർക്കത്തിനു കാരണമായ വസ്തു താൻ സൂക്ഷിക്കുമെന്നും കുറുനരി വെളിപ്പെടുത്തി.

ചെന്നായ ആ അഭിപ്രായം പെട്ടെന്നുതന്നെ അംഗീകരിച്ചു. കുരങ്ങനും അതു സമ്മതിക്കേണ്ടി വന്നു.

എന്നാണു കോടതി കൂടുന്നതെന്ന് മുഖ്യ വിധികർത്താവായ സിംഹവുമായി കൂടിയാലോചിച്ചു പറയുന്നതാണ്.

അമ്പും വില്ലും ഉപയോഗിച്ച കുറുനരി അതു വളരെ നല്ലതെന്നു മനസ്സിലാക്കി. അടുത്ത ദിവസം ചെന്നായയുടെ അടുക്കലെത്തിയ കുറുനരി നയത്തിൽ ചോദിച്ചു.

“എടോ വാസ്തവത്തിൽ അമ്പും വില്ലും നിന്റെ തന്നെയാണോടേയ്?”

അതിനു ചെന്നായ മറുപടിയൊന്നും പറഞ്ഞില്ല. പകരം ഒരു കള്ളച്ചിരി ചിരിച്ചു.

“നിന്റെ ആണെങ്കിലും അല്ലെങ്കിലും അടുത്ത ആഴ്ച കോടതി കൂടും. നിനക്കനുകൂലമായി ഞാൻ നില്ക്കാം. പക്ഷേ...”

ബാക്കി എന്തെന്നറിയുന്നതിനുവേണ്ടി ചെന്നായ ഒരു ചോദ്യ ഭാവമെറിഞ്ഞു.

“ഒരു ദിവസം നിന്റെ കൈയിലെങ്കിൽ അടുത്ത ദിവസം എന്റെ കൈയിൽ. എന്തേ?”

അല്പം ആലോചിച്ചിട്ടു ചെന്നായ വ്യവസ്ഥ അംഗീകരിച്ചു.

സിംഹം, പുലി, കുറുനരി, മറ്റ് നാലഞ്ചു മൃഗങ്ങൾ. അതാണ് കാട്ടുകോടതി.

തർക്കവിതർക്കങ്ങൾ കാര്യമായി നടന്നു. കുരങ്ങനു തന്റെ വാദം ഭംഗിയായി അവതരിപ്പിക്കാനായില്ല.

കുറുനരിയാകട്ടെ ചെന്നായയ്ക്ക് അനുകൂലമായ രീതിയിൽ സംസാരിക്കുക കൂടി ചെയ്തപ്പോൾ എല്ലാം കുരങ്ങന് എതിരായി.

മോഷണം വധശിക്ഷയ്ക്ക് അർഹമായ കുറ്റമെന്നാണ് കാട്ടു നിയമം. ഒരിളവോടുകൂടി കുരങ്ങനും വധശിക്ഷ ലഭിച്ചു.

എന്തെങ്കിലും ഒരു കാര്യം അവനു ചെയ്യണമെന്നുണ്ടെങ്കിൽ അതാവാം. അതാണ് അവനുള്ള ആനുകൂല്യം.

വയലിൻ. തന്റെ മാന്ത്രിക വയലിൻ. വയലിനിൽ ഒരു പാട്ടു പാടണം. അതാണവന്റെ ആഗ്രഹം.

കുരങ്ങൻ വയലിൻ പതിയെ വായിക്കാൻ തുടങ്ങി.

പാട്ട് മുന്നോട്ടു നീങ്ങവേ സിംഹം അടക്കമുള്ള മൃഗങ്ങൾ നൃത്തച്ചുവടുകൾ വയ്ക്കാൻ തുടങ്ങി. കുരങ്ങൻ പാതിയടഞ്ഞ കണ്ണുകളുമായി നിന്നു. പാട്ടിനു തീവ്രതയേറി. നൃത്തച്ചുവടുകൾ ഭ്രാന്തമായി. കുരങ്ങൻ പാട്ടു തുടർന്നു.

നൃത്തം നിറുത്തുന്നതിനു ഒരു മൃഗത്തിനും കഴിയുന്നില്ല.

"പ്ലീസ് പാട്ടു നിർത്തൂ." സിംഹം ദയനീയമായി അപേക്ഷിച്ചു. ക്ഷീണിച്ച് അവശരായി രണ്ടുമൂന്നു മൃഗങ്ങൾ കുഴഞ്ഞുവീണു. ഒടുവിൽ സിംഹം പിന്നെയും പറഞ്ഞു. "പാട്ടു നിർത്തൂ പ്ലീസ്, എന്റെ സിംഹാസനം പോലും നിനക്കു തരാം."

ഒടുവിൽ സിംഹവും പുലിയും ഒന്നിച്ചലറി. "വിധി പിൻവലിച്ചിരിക്കുന്നു. അമ്പും വില്ലും കുരങ്ങനു തന്നെ." പെട്ടെന്നുതന്നെ തന്റെ അമ്പും വില്ലും എടുത്തുകൊണ്ട് കുരങ്ങൻ തൊട്ടടുത്ത മരത്തിലേക്കു ചാടിക്കയറി. കുരങ്ങൻ വീണ്ടും പാട്ടു തുടങ്ങിയാലോ എന്നു പേടിച്ച സിംഹവും പുലിയും പെട്ടെന്നു സ്ഥലം വിട്ടു.

"ചതിയിലൂടെ നേടുന്നതൊന്നും ശാശ്വതമല്ലെന്നറിയുക'. എന്നു തുടങ്ങുന്ന പാട്ടു പാടിക്കൊണ്ട് കുരങ്ങൻ അല്പസമയം കൂടി അവിടെ തുടർന്നിട്ട് സ്ഥലം വിട്ടു.

# നന്ദി

ഈ മാഗസിൻ നിർമ്മാണത്തിന് വേണ്ടി  സഹകരിച്ച എല്ലാ കൈറ്റ് അംഗങ്ങൾക്കും
മാർഗ്ഗനിർദേശങ്ങൾ തന്ന് മാഗസിൻ പൂർണ്ണതയിലേക്ക് എത്തിച്ച അദ്ധ്യാപകർക്കും ഹൃ
ദയത്തിന്റെ ഭാഷയിൽ നന്ദി അർപ്പിക്കുന്നു

